**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2266** **05-02-2026 - ൽ മറുപടിയ്ക്ക്**

**പാറശ്ശാല മണ്ഡലത്തിലെ കെ-സ്റ്റോർ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | പാറശ്ശാല മണ്ഡലത്തിൽ കെ-സ്റ്റോർ പദ്ധതി പ്രകാരം നാളിതുവരെ എത്ര റേഷൻ കടകളെയാണ് കെ-സ്റ്റോറുകളായി മാറ്റിയിട്ടുള്ളതെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ; | (എ) | പാറശ്ശാല മണ്ഡലത്തിൽ കെ-സ്റ്റോർ പദ്ധതി പ്രകാരം 18 റേഷൻ കടകളെ കെ-സ്റ്റോറുകളാക്കി മാറ്റിയിട്ടുണ്ട്. അവയുടെ പഞ്ചായത്ത് തിരിച്ചുള്ള വിവരം **അനുബന്ധം** ആയി ചേർക്കുന്നു. |
| (ബി) | കെ-സ്റ്റോറുകൾ അനുവദിക്കുന്നതിന് കൂടുതൽ അപേക്ഷകൾ പരിഗണനയിലുണ്ടോ എന്നും വിശദമാക്കാമോ; | (ബി) | പശ്ചാത്തല സൗകര്യമുള്ള കെട്ടിടവും കെ-സ്റ്റോർ തുടങ്ങുന്നതിന് താല്പര്യവും ഉള്ള എല്ലാ ലൈസൻസികൾക്കും കെ-സ്റ്റോർ അനുവദിക്കുന്നുണ്ട്. |
| (സി) | ഗ്രാമീണ മേഖലയിലെ സാധാരണക്കാർക്ക് ഉപകാരപ്രദമായ ബാങ്കിംഗ് സേവനങ്ങളും മിൽമ-ശബരി ഉല്പന്നങ്ങളും എല്ലാ കെ-സ്റ്റോറുകളിലും പൂർണ്ണതോതിൽ ലഭ്യമാണെന്ന് ഉറപ്പുവരുത്താൻ സ്വീകരിച്ച നടപടികൾ ലഭ്യമാക്കാമോ; | (സി) | CSC (Common Service Center) രജിസ്ട്രേഷൻ നടപ്പിലാക്കിയ കെ-സ്റ്റോറുകൾ വഴി 10,000/- (പതിനായിരം രൂപ) രൂപ വരെ നിക്ഷേപിക്കുന്നതിനും പിൻവലിക്കുന്നതിനുമുള്ള സൗകര്യം ലഭ്യമാണ്. മിൽമ-ശബരി ഉൽപ്പന്നങ്ങൾ എല്ലാ കെ-സ്റ്റോറുകളിലും പൂർണ്ണതോതിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) | കെ-സ്റ്റോറുകളായി മാറാൻ താല്പര്യമുള്ള റേഷൻ വ്യാപാരികൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിനായി കുറഞ്ഞ പലിശ നിരക്കിൽ വായ്പ നൽകുന്ന പദ്ധതി നിലവിലുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കാമോ? | (ഡി) | ന്യായവിലക്കടകളുടെ സ്ഥലസൗകര്യം വർദ്ധിപ്പിക്കുന്നതിനാവശ്യമായ വായ്പാസൗകര്യം ലഭ്യമാക്കുന്നതിനായി ഈ സാമ്പത്തികവർഷം 1.45 കോടി രൂപയുടെ പദ്ധതി വകുപ്പ് ആവിഷ്ക്കരിച്ചിട്ടുണ്ട്. സ്വന്തമായി കെട്ടിടമുള്ള റേഷൻ വ്യാപാരികൾക്ക് കെട്ടിടം വലിപ്പം കൂട്ടി പുനർനിർമ്മിക്കുന്നതിന് 3 ലക്ഷം രൂപ വരെ വായ്പ അനുവദിക്കുന്നതിന് ഈ പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. ഇങ്ങനെ എടുക്കുന്ന വായ്പാപലിശയുടെ 50% സർക്കാർ വഹിക്കുന്നതാണ്. പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാഥമിക ചർച്ചകൾ സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റിയുമായി നടത്തിയിട്ടുണ്ട്. കൂടുതൽ വ്യാപാരികൾ ടി പദ്ധതി പ്രകാരം വായ്പയെടുക്കാൻ തയ്യാറായി മുന്നോട്ട് വരാത്തത് പദ്ധതി നടത്തിപ്പിന് തടസ്സമായി നിലനിൽക്കുന്നു. കെ-സ്റ്റോറുകളായി മാറ്റാൻ താല്പര്യമുള്ള FPS ലൈസൻസികൾക്കും ടി പദ്ധതി പ്രകാരം വായ്പയെടുക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ

<u>**അനുബന്ധം**</u>

| **താലൂക്ക്** | **പഞ്ചായത്ത്** | **കെ-സ്റ്റോറാക്കി മാറ്റിയ റേഷൻ കടകളുടെ എണ്ണം** |
|---|---|---|
| നെയ്യാറ്റിൻകര | പാറശ്ശാല | 5 |
| | പെരുങ്കടവിള | 3 |
| | വെള്ളറട | 1 |
| | കൊല്ലയിൽ | 1 |
| | കുന്നത്തുകാൽ | 2 |
| കാട്ടാക്കട | ആര്യൻകോഡ് | 2 |
| | അമ്പൂരി | 1 |
| | കള്ളിക്കാട് | 2 |
| | ഒറ്റശേഖരമംഗലം | 1 |
| **ആകെ** | | 18 |